# പതിമൂന്നാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1771 | 14.07.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

### പനി പടർന്നുപിടിക്കുന്നതിനുള്ള കാരണങ്ങൾ

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ്: | | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ പലവിധത്തിലുള്ളപനി പടർന്നു പിടിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ഏതെങ്കിലും തരത്തിലുള്ള വിദഗ്ദ്ധ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) | കേരളത്തിൽ പനി പടർന്നു പിടിക്കുന്നതിനെ സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടുണ്ട്. ദേശീയ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ പ്രോഗ്രാമിലേയും ദേശീയ സാംക്രമിക രോഗ നിയന്ത്രണ സെന്ററിന്റെയും മറ്റ് ഏജൻസികളുടെയും നേതൃത്വത്തിൽ വിദഗ്ദ്ധ പഠനങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിയിട്ടുണ്ട്. കൂടാതെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും, സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളും വിദഗ്ദ്ധ പഠനങ്ങൾ നടത്തുന്നുണ്ട്. ഈ പഠനങ്ങളുടെ വെളിച്ചത്തിൽ പനി പടർന്നു പിടിക്കുന്നതിന് പല കാരണങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഇതിൽ പ്രധാന മായും കൊതുകുജന്യരോഗ ങ്ങളായ ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി, ജപ്പാൻജ്വരം മുതലായവ യാണ്. ജലജന്യ രോഗങ്ങൾ, ജന്തുജന്യ രോഗങ്ങൾ എലിപ്പനി എന്നിവമൂലവും പനിയുണ്ടാകാറുണ്ട്. എന്നാൽ കൂടുതൽ ആൾക്കാർക്കും പനി പടർന്നുപിടിക്ക ന്നതിനുള്ള പ്രധാന കാരണം സാധാരണ കാണപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ഇൻഫ്ലുവെൻസ വൈറസ് മൂലമാണ്. എച്ച് 1 എൻ 1 വൈറസ് ബാധ കൊണ്ടും പനി ഉണ്ടാകാറുണ്ട്. |
| (ബി) | വൈറോളജി രംഗത്തെ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച സ്ഥാപനങ്ങളിലൊന്നായ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനത്തെ ഉൾപ്പെടുത്തികൊണ്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും | തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി എന്ന സ്ഥാപനം , ആരോഗ്യ വകുപ്പമായി സഹകരിച്ച് ചിക്കൻഗുനിയ, ഡെങ്കിപ്പനി എന്നീ രോഗങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തെയോ, പൂനയിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെയൊ ഉൾപ്പെടുത്തി വിദഗ്ധ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | | |
| (ഡി) | ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ഡി) | ചോദ്യം ഉദിക്കുന്നില്ല |
| (ഇ) | കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ വൈറോളജി സംബന്ധമായ പഠനം നടക്കുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നടത്തിയ പഠനങ്ങളുടെയും ഗവേഷണ ഫലത്തിന്റെയും സംക്ഷിപ്ത വിവരം ലഭ്യമാക്കുമോ? | (ഇ) | കഴിഞ്ഞ പത്തുകൊല്ലത്തെ പഠനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1)ഡെങ്കിപ്പനിയുടെ സ്ഥിരീകരണ പരിശോധനകൾ - മെഡിക്കൽ കോളേജിൽ കിടന്നു ചികിത്സ തേടുന്ന രോഗികളിൽ<br>2)മെനിഞ്ചോ എൻസഫലൈറ്റിസ്സിന്റെ കാരണങ്ങൾ<br>3) മഞ്ഞപ്പിത്ത രോഗമുള്ളവരിൽ നടത്തിയ സിറോളജി പഠനം |

| | | | |
|---|---|---|---|
| | | | 4) HIV അണുബാധയുള്ളവരിൽ കണ്ടുവരുന്ന വൈറസ് അണുബാധയെക്കുറിച്ചുള്ള പഠനം.<br>5) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2011 ൽ തുടങ്ങി മൂന്ന് കൊല്ലത്തെ ഐ.സി.എം.ആർ പഠനം. മണിപ്പാൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള വൈറോളജി സെല്ലുമായി കൊളാബ്രേറ്റ് ചെയ്ത് നടത്തി വരുന്നു.<br>6) രോഗ പ്രതിരോധശേഷി കുറഞ്ഞവരിൽ ഹെപ്പറ്റൈറ്റീവ് ബി വാക്സിൻ എടുത്തു കഴിഞ്ഞ് ഫലം എത്രത്തോളം ഉണ്ട് എന്നുള്ള പഠനം നടന്നുകൊണ്ടിരിക്കുന്നു.<br>7) ദീർഘകാലമായി ഹെപ്പറ്റെറ്റിസ് ബി അണുബാധയുള്ളവരിൽ വൈറസിന്റെ രോഗ നിർണ്ണയവും ഡി.എൻ.എ. ആംപ്ലിഫിക്കേഷനും ദീർഘകാലമായി ഹെപ്പറ്റൈറ്റിസ് ബി അണുബാധയുള്ളവരിൽ വൈറസിന്റെ രോഗ നിർണ്ണയവും ഡി.എൻ.എ. ആംപ്ലിഫിക്കേഷനും<br>8)സി.എം.വി. അണുബാധയുള്ളവരിൽ ഡി.എൻ.എ. ആംപ്ലിഫിക്കേഷൻ വഴി രോഗനിർണ്ണയം എത്രത്തോളം സാധ്യമാകുന്നു എന്നതിനെപ്പറ്റിയുള്ള പഠനം.<br>9) ആലപ്പുഴ മെഡിക്കൽ കോളേജിൽ ചിക്കൻ ഗുനിയ രോഗത്തെപ്പറ്റിയുള്ള പഠനം മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ